# ഇന്ത്യ @ 75

**സി.കെ. പ്രഹ്ളാദ്**
പോൾ ആന്റ് റൂത്ത് മക് ക്രാക്കൻ ഡിസ്റ്റിൻഗ്യൂഷ്ഡ് യൂണിവേഴ്സിറ്റി പ്രൊഫസർ
റോസ് സ്കൂൾ ഓഫ് ബിസിനസ്
യൂണിവേഴ്സിറ്റി ഓഫ് മിഷിഗൺ

2007 സെപ്റ്റംബർ 23ന് ന്യൂയോർക്കിൽ നടന്ന ഇന്ത്യ@60 ആഘോഷത്തിൽ നടത്തിയ പ്രഭാഷണം

**ഇന്ത്യ @ 75**

**സി.കെ. പ്രഹ്ളാദ്**

പോൾ ആന്റ് റൂത്ത് മക് ക്രാക്കൻ ഡിസ്റ്റിൻഗ്യൂഷ്ഡ് യൂണിവേഴ്സിറ്റി പ്രൊഫസർ

റോസ് സ്കൂൾ ഓഫ് ബിസിനസ്
യൂണിവേഴ്സിറ്റി ഓഫ് മിഷിഗൺ

നന്ദി, തരുൺ. ശരിയാണ്, ഇന്ത്യ@60 – നമ്മൾ വളരെയധികം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്, ആഘോഷിക്കേണ്ടതുമാണ്. ഇവിടെ ന്യൂയോർക്കിൽ സന്തോഷകരമായ ഒരാഴ്ചയാണ് നമുക്കുണ്ടാവുകയെന്നും എനിക്കറിയാം. ആഘോഷിക്കുന്നതിനൊപ്പം നമ്മൾ നമ്മളോട് ചോദിക്കണം – അടുത്ത പടി എന്താണ് ? ഇന്ത്യ@60 ആഘോഷിക്കുമ്പോൾ ഈ നേട്ടങ്ങളെല്ലാം കഴിഞ്ഞ കാലത്തിന്റേതാണെന്ന് ഓർമിക്കണം. നേതൃത്വമെന്നത് ഭാവിയെ കുറിച്ചുള്ളതാണ്, മാറ്റത്തെ കുറിച്ചുള്ളതാണ്. നേതൃത്വം പ്രത്യാശയുടേതാണ്. അതുകൊണ്ടു തന്നെ കഴിഞ്ഞ അറുപത് വർഷങ്ങളിലൂടെ കടന്നു പോകുന്നതിലുപരിയായി ഭാവിയിൽ കേന്ദ്രീകരിക്കാനാണ് എനിക്ക് താൽപര്യം. ഇന്ത്യ@75ലാണ് എന്റെ ഊന്നൽ, ഇന്ത്യ@60ലല്ല. കഴിഞ്ഞ അറുപത് വർഷത്തെ നേട്ടത്തെ അടിസ്ഥാനമാക്കി അടുത്ത 15 വർഷത്തിനുള്ളിൽ നമുക്ക് എന്തെല്ലാം നേട്ടം കൈവരിക്കാനാകുമെന്നതിലാണ് ഞാൻ വിഷയം കേന്ദ്രീകരിക്കുന്നത്. 15 വർഷ കാലയളവിനുള്ളിൽ ഈ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് എന്തെല്ലാം നടപടികൾ വേണമെന്നതാണ് കൂടുതൽ പ്രധാനം.

ഞാൻ നിങ്ങളുമായി പങ്കുവയ്ക്കാൻ പോകുന്നത് ഒരു വ്യക്തിയുടെ ശുഭാപ്തിവിശ്വാസം, വ്യക്തിയുടെ ആശങ്കകൾ, ചലനാത്കമവും തുടിക്കുന്നതുമായ ഇന്ത്യ@75 നിർമിക്കുന്നതിലുള്ള സമീപനം എന്നിവയാണ്. ഇന്ത്യ@75 എന്തായിരിക്കുമെന്നതു വച്ചു തന്നെ തുടങ്ങാം. സാധ്യതകളെ കുറിച്ച് നമുക്ക് വ്യക്തതയില്ലെങ്കിൽ പ്രയാസമേറിയൊരു യാത്ര ഏറ്റെടുക്കുക വളരെ പ്രയാസകരമായിരിക്കും. ഭാവിലോകക്രമം രൂപപ്പെടുത്താൻ ഇന്ത്യക്ക് കഴിയണമെന്ന്, കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഇത് അർത്ഥമാക്കുന്നത് ഇന്ത്യ ആവശ്യത്തിന് സാമ്പത്തികശക്തിയും, സാങ്കേതികത്തികവും, ധാർമികനേതൃത്വവും കൈവരിക്കണമെന്നാണ്. കേവലം സാമ്പത്തികശക്തിയും സാങ്കേതികത്തികവും മതിയാകില്ല. സോവിയറ്റ് യൂണിയനും നാസി ജർമനിക്കും സാമ്പത്തിക, സാങ്കേതിക ശേഷികൾ ഉണ്ടായിരുന്നെന്ന് നമുക്കറിയാം. എന്നിട്ടും അവർ പരാജയപ്പെട്ടു. ധാർമികത നേതൃത്വത്തിന്

അവശ്യഘടകമാണ്. ഈ മൂന്നു ഘടകങ്ങളിലും ഒരേ അളവിൽ ഞാൻ ഊന്നൽ നൽകുകയാണ് - ലക്ഷ്യത്തിലേക്കുള്ള ഇന്ത്യയുടെ പ്രയാണത്തിൽ.

*ഇന്ത്യ@75 - സാധ്യത*

1. ജനസംഖ്യയെ നേട്ടത്തിന് അടിസ്ഥാനമാക്കാൻ ഇന്ത്യക്ക് കഴിയും. 200 ദശ ലക്ഷം കോളേജ് ബിരുദധാരികളെ വാർത്തെടുക്കാനുള്ള സാധ്യത - എല്ലാ മേഖ ലകളിലും വിദ്യാഭ്യാസം നേടിയവരുടെ നിര. ഇതാകട്ടെ ഇന്ത്യയിലെ ജനസംഖ്യ യുടെ കേവലം പതിനാറ് ശതമാനമേ വരൂ. ഇതിനും പുറമെ അംഗീകാരവും വൈദഗ്ധ്യവുമുള്ള അഞ്ഞൂറ് ദശലക്ഷം ടെക്നീഷ്യൻമാരും ഉണ്ടാകണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. സാർവത്രിക സാക്ഷരതയും ഈ ഭാവിയിൽ ഉൾപ്പെട്ടിരി ക്കുന്നു. ഈ ലക്ഷ്യത്തിന് മുൻഗണന നൽകാൻ നേതൃത്വം തയാറാണെങ്കിൽ അടുത്ത പതിനഞ്ച് വർഷത്തിനുള്ളിൽ സാധ്യമാണ്[1]. എന്താണ് ഇതു കൊണ്ട് അർത്ഥമാക്കുന്നതെന്ന് ചിന്തിക്കുക. ലോകത്ത് ഏറ്റവുമധികം സാങ്കേതികമായി പരിശീലിപ്പിക്കപ്പെട്ട മനുഷ്യവിഭവശേഷി ഇന്ത്യക്ക് സ്വന്തമാകുമെന്നതാണ് ഇതിന്റെ അർത്ഥം. ആഗോള നേതൃത്വത്തിനുള്ള തുടക്കം ഇതായിരിക്കണം. വിദ്യാഭ്യാസപരമായ ലക്ഷ്യം കൈവരിക്കുന്നതിൽ ഇന്ത്യ പരാജയപ്പെട്ടാൽ, ഇന്ത്യയെ സംബന്ധിച്ച എന്റെ മറ്റ് കാഴ്ചപ്പാടുകൾ സാർത്ഥകമാകില്ല.

2. ഫോർച്ച്യൂൺ 100 പട്ടികയിലുള്ള സ്ഥാപനങ്ങളിൽ 30 സ്ഥാപനങ്ങളുടെയെ ങ്കിലും ആസ്ഥാനം ഇന്ത്യയാകണം. ഇതൊരു വമ്പൻ മോഹമാണെന്ന് എനിക്കറി യാം, പക്ഷെ സാധ്യവുമാണ്.

3. ആഗോളവ്യാപാരത്തിൽ പത്തു ശതമാനം ഇന്ത്യയുടെ കണക്കിൽ. നമുക്ക് നമ്മുടെ മനോഭാവം മാറ്റേണ്ടതുണ്ട്. 1997ലെ ഏഷ്യൻ പ്രതിസന്ധി ഇന്ത്യയെ ഗ്രസിക്കാതിരുന്നപ്പോൾ ഇന്ത്യക്കാർ അഭിമാനിച്ചു. അന്ന് ഞാൻ പറഞ്ഞു, ലോക ത്തിന്റെ മറ്റ് ഭാഗങ്ങളുമായി ബന്ധപ്പെട്ടിരുന്നെങ്കിൽ പ്രതിസന്ധിയുടെ ആഘാതം

---

[1] *The Knowledge Commission* under the leadership of Mr. Sam Pitroda and the *Skills Commission* under the leadership of ……are good starts in this direction.

അറിയുമായിരുന്നു എന്ന്. ലോകത്തിന്റെ മറ്റ് ഭാഗങ്ങളുമായി ഇന്ത്യ നിശ്ചയമായും ബന്ധപ്പെടണം - മറ്റുള്ളവരെ സ്വാധീനിക്കുന്നതിൽ നിർണായകമായ നടപടി, ഇതിലുപരിയായി മറ്റുള്ളവരിൽ നിന്നും പഠിക്കുന്നതിനുള്ള അടിസ്ഥാനം.

4. ആഗോള മുന്നേറ്റത്തിന് ഇന്ത്യ സ്രോതസാകുന്നു - പുതിയ ബിസിനസുകൾ, നൂതനായ സാങ്കേതികവിദ്യകൾ, പുതിയ ബിസിനസ് മാതൃകകൾ. ഇതിന്റെ തെളി വുകൾ ഇപ്പോൾ തന്നെയുണ്ട്. പുതിയ ബിസിനസ് മാതൃകകൾ ഇന്ത്യയിൽ ധാരാ ളമായി ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. - കുറഞ്ഞ മൂലധന വ്യാപ്തി, കുറഞ്ഞ ഫിക്സഡ് കോസ്റ്റ്, ഫിക്സഡ് കോസ്റ്റിനെ എയർടെൽ ചെയ്തത് പോലെ വേരി യബ്ൾ കോസ്റ്റ് ആക്കൽ. പിരമിഡിന്റെ അടിത്തട്ടായ 800 ദശലക്ഷം ഇന്ത്യക്കാർക്ക് മുന്നേറ്റങ്ങൾ സൃഷ്ടിക്കുന്നതിൽ വഴിത്തിരിവാകാൻ കഴിയും[2].

5. സാഹിത്യം, ശാസ്ത്രം, കല എന്നിവ പുഷ്കലമാക്കുന്നതിൽ ഇന്ത്യ ശ്രദ്ധ പതി പ്പിക്കണം. എന്തുകൊണ്ട് ഇന്ത്യക്ക് പത്ത് നോബൽ സമ്മാന ജേതാക്കൾ ഉണ്ടായി ക്കൂടാ ? അത് ഇന്ത്യയിൽ തന്നെ നിർവഹിച്ച കാര്യത്തിനാണെങ്കിൽ കൂടുതൽ നന്നായിരിക്കുമെന്ന് കൂട്ടിച്ചേർക്കാൻ ഞാൻ ആഗ്രഹിക്കുന്നു - മറ്റെവിടെയെങ്കിലും നിർവഹിച്ച കാര്യത്തിന് ഇന്ത്യക്കാർക്ക് നോബൽ സമ്മാനം കിട്ടുന്നതിനേക്കാളും.

6. വൈവിധ്യവുമായി ഒത്തുപോകുന്നതിൽ ലോകത്തിന്റെ അടിസ്ഥാനം ഇന്ത്യയാ കുന്നു. സാർവത്രികതയുടേയും ഉൾക്കൊള്ളലിന്റേയും അടിസ്ഥാനം. എല്ലാ പ്രധാന മതങ്ങളുടെയും ആവാസകേന്ദ്രം, പതിനഞ്ച് പ്രധാന ഭാഷകളും നൂറു കണക്കിന് വ്യത്യസ്ത പ്രയോഗങ്ങളും, സംസ്കാരങ്ങളുടെ സങ്കീർണശ്രേണി, ഭക്ഷ്യരീതികളും ആചാരങ്ങളും - പ്രതീക്ഷിക്കാവുന്ന എല്ലാ വൈവിധ്യങ്ങളും ഇവിടെയുണ്ട്. വൈവിധ്യവും ഉൾക്കൊള്ളലും മനസിലാക്കുന്നതിൽ ഇന്ത്യ പരീ ക്ഷണശാലയല്ലെങ്കിൽ മറ്റാർക്കും അതിന് കഴിയില്ല. ***ലോകത്തിന്റെ പരീക്ഷണശാ ലയാണ് ഇന്ത്യ.***

[2] C.K. Prahalad: The Fortune at the Bottom of the Pyramid: Eradicating Poverty through Profits, Wharton Publishing, 2004 and C.K. Prahalad: the Innovation Sand box; Strategy+ Business, 2007

പട്ടികയിലേക്ക് ഇനിയും കൂട്ടിച്ചേർക്കാം. ഞാൻ തിരിച്ചറിഞ്ഞ ആറ് വൻ അവസരങ്ങൾ പ്രാവർത്തികമാകുമ്പോൾ ഇന്ത്യക്ക് ലോകത്തുള്ള ഇപ്പോഴത്തെ സ്വാധീനവലയത്തിൽ മാറ്റം വരും. ഇന്ത്യക്ക് അതിനുള്ള സാധ്യതകളുണ്ട്. ഈ സാധ്യതകൾ നിങ്ങളെ മാടിവിളിക്കുന്നുവെങ്കിൽ, നമുക്ക് അടുത്ത ചോദ്യത്തിലേക്ക് കടക്കാം. എങ്ങനെ ഇവിടെ എത്തിച്ചേരും ? തുടങ്ങിവയ്ക്കുന്നതിനുള്ള തത്വങ്ങൾ എന്തൊക്കെയാണ് ?

## കാതലായ തത്വങ്ങൾ

മൂന്ന് തത്വങ്ങളാണ് ഞാൻ നിർദേശിക്കുന്നത്. ആദ്യത്തേത് സംരഭകത്വ മാറ്റത്തിന്റെ സത്തയുമായി ബന്ധപ്പെട്ടതാണ്. ആവശ്യത്തിന് വിഭവങ്ങളില്ലാത്തതിനാൽ ഇന്ത്യ@75ന്റെ സാധ്യതകൾ നിറവേറ്റപ്പെടില്ലെന്ന് പലരും പറയുമെന്ന് എനിക്കറിയാം. ഏഴു വർഷം മുമ്പ് പത്തു ശതമാനം വളർച്ചാനിരക്ക് ഞാൻ നിർദേശിച്ചത് എനിക്ക് ഓർമയുണ്ട്. ഇന്ത്യയിലെ പലരും, വളരെ സീനിയറും അറിവുള്ളവരുമായ ബ്യൂറോക്രാറ്റ്സ് അടക്കം പറഞ്ഞത് പത്തു ശതമാനം വളർച്ച കൈവരിക്കാനുള്ള വിഭവങ്ങൾ നമുക്കില്ല എന്നാണ്. വിഭവങ്ങളല്ല പ്രശ്നം, അഭിലാഷങ്ങളും വിഭവങ്ങളും തമ്മിലുള്ള സന്തുലനമാണ്. അഭിലാഷങ്ങളും വിഭവങ്ങളും തമ്മിലുള്ള ബോധപൂർവമായ വിടവാണ് പുതിയ കണ്ടുപിടുത്തങ്ങളും മുന്നേറ്റങ്ങളും സൃഷ്ടിക്കുകയും സംരഭകോർജത്തിന് വഴി തെളിക്കുകയും ചെയ്യുന്നതെന്ന് ഈ മുറിയിലിരിക്കുന്ന ഓരോ സംരഭകനും അറിയാം.

ഇന്ത്യക്ക് വളരെ ഉയർന്നതും പങ്കാളിത്തപൂർണവുമായ അഭിലാഷങ്ങളുണ്ടാകണം. ഇത്തരത്തിലൊരു അഭിലാഷം ഇന്ത്യ അവസാനമായി പങ്കുവച്ചത് 1929ൽ കോൺഗ്രസ് പാർട്ടി പൂർണ സ്വരാജ് എന്ന അവരുടെ ആവശ്യം പ്രഖ്യാപിച്ചപ്പോഴാണ്. ഇതിനു ശേഷമൊരിക്കലും ഓരോ ഇന്ത്യക്കാരനും പങ്കു പറ്റാവുന്ന ഒരു ദേശീയാഭിലാഷം ഉണ്ടായിട്ടില്ല. പങ്കുവയ്ക്കുന്ന അത്തരമൊരു അഭിലാഷമാണ് ഇന്ത്യയുടെ മാറ്റത്തിന് അടിസ്ഥാനം.

ലഭ്യമായ വിഭവങ്ങളേക്കാൾ ഉയർന്നു നിൽക്കുന്ന അഭിലാഷം യാഥാർത്ഥ്യമാക്കുന്നതിന് ആകെ രണ്ടു വഴികൾ മാത്രമാണുള്ളത്. ഒന്ന്, വിഭവങ്ങൾ പരമാവധി

പ്രയോജനപ്പെടുത്തുകയാണ്. ഓരോരുത്തർക്കും, ചെലവഴിക്കുന്ന ഓരോ രൂപക്കും പരമാവധി ലഭ്യമാക്കുക. മറ്റൊരു തരത്തിൽ, ഉപായങ്ങൾ അവരവർക്ക് അനുകൂലമായ തരത്തിൽ മാറ്റാം. അവിടെയാണ് ഗാന്ധിയുടെ വൈഭവം. ബ്രിട്ടീഷുകാർക്കെതിരെ പരമ്പരാഗതമായി ആയുധമുപയോഗിച്ചുള്ള യുദ്ധമല്ല, സമാധാനപൂർവമായ സത്യഗ്രഹമാണ് അദ്ദേഹം നയിച്ചത്. ഒരുപോലെ പ്രധാനമായ രണ്ടാമത്തെ തത്വം, കഴിഞ്ഞ അറുപത് വർഷം നമ്മൾ ചെയ്തുകൊണ്ടിരുന്നതിന്റെ, അല്ലെങ്കിൽ കഴിഞ്ഞ പത്തു വർഷം ചെയ്തതിന്റെ പുനരവലോകനം കൊണ്ടു മാത്രം ഇന്ത്യ@75ന്റെ സാധ്യതകൾ കൈവരിക്കാൻ നമുക്ക് കഴിയില്ല. ഇപ്പോഴത്തെ സ്ഥിതിയിൽ നിന്നും നിങ്ങൾക്ക് അവിടെ (ഇന്ത്യ@75) എത്താൻ കഴിയില്ല. ഇന്ത്യ@75നെ കുറിച്ച് ഞാൻ വിവരിച്ച രീതിയിൽ നിങ്ങൾ ചിന്തിക്കണം, എന്നിട്ട് ഭാവിയെ ഇഴ ചേർക്കണം.

ഇന്നലെകളെ പുനരവലോകനം ചെയ്യുന്നതിലുപരിയായി ഭാവിയെ ഇഴ ചേർക്കലാണ് പ്രധാനം. അതുകൊണ്ടാണ് ഇന്ത്യ@75നെ കുറിച്ചുള്ള വിവരണത്തോടെ ഞാൻ ആരംഭിച്ചത്. എന്നാൽ ഇവിടെ നിന്നും ഒരൊറ്റ പടി കയറി അവിടെ എത്തണമെന്നല്ല ഉദ്ദേശ്യം. നമുക്ക് ചെറുതും വ്യക്തവുമായ പടികളാണ് വേണ്ടത്, അവക്ക് ദിശാബോധവും വേണം. ചില പടികൾ പരീക്ഷണാടിസ്ഥാനത്തിലുള്ളതുമായിരിക്കാം. ചെറിയ പടികളിലൂടെ നമ്മൾ മുന്നോട്ടു നീങ്ങണം, അതേസമയം അതിന്റേതായ തിടുക്കവും ലക്ഷ്യവും വേണം. മൂന്നാമതായി, മികച്ച രീതികളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കരുത്. എല്ലാവരും എല്ലാവരെയും മാതൃകയാക്കുകയാണെങ്കിൽ മധ്യവർത്തിത്വത്തിലാണ് കലാശിക്കുക. അടുത്ത ശൈലികളിലാകണം ശ്രദ്ധ. അതായത് ദുർബലമായവയെ ശക്തിപ്പെടുത്തണം, അവസരങ്ങളുടെ പുതിയ തലങ്ങൾ കാണണം. അവയെ പിന്തുടരാനുള്ള ധൈര്യവും വേണം.

ലളിതവും ശക്തവുമായ ഈ മൂന്ന് തത്വങ്ങൾ ഇന്ത്യയെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള രീതിശാസ്ത്രമാണ്. നമ്മൾ തുടങ്ങേണ്ടത് ഇങ്ങനെയാണ് :

എ. അഭിലാഷങ്ങൾ > വിഭവങ്ങൾ

ബി. ഭാവിയെ ഇഴചേർക്കൽ

സി. അടുത്ത ശൈലികളിൽ ശ്രദ്ധ കേന്ദ്രീകരിക്കൽ

ഈ മൂന്ന് തത്വങ്ങൾ ഇന്നിനെയും ഇവിടത്തെയും കുറിച്ചും, ഭാവിയെ കുറിച്ചും വ്യത്യസ്തമായി ചിന്തിക്കാനാണ്  നമ്മളോട് ആവശ്യപ്പെടുന്നത്. ഒരു പ്രത്യേക കാഴ്ചപ്പാട് വികസിപ്പിച്ചെടുക്കാൻ ഇത് നമ്മളെ നിർബന്ധിതമാക്കുന്നു. അത്തര ത്തിൽ പങ്കാളിത്തപൂർണമല്ലാത്തൊരു കാഴ്ചപ്പാടിലൂടെ ശക്തവും പ്രസരിപ്പുള്ള തുമായ ഭാവി ഇന്ത്യക്കായി സൃഷ്ടിക്കാനാകില്ല. എളുപ്പവഴികളോ കൂട്ടി ച്ചേർക്കലോ ഇതിന് പര്യാപ്തമല്ല. സൃഷ്ടിപരത, നൂതനത്വം, സംരംഭകത്വം എന്നി വയുടെ പിന്തുണയിൽ അഭിലാഷങ്ങളോടുള്ള പ്രതിജ്ഞാബദ്ധമായ പങ്കാളിത്തം സൃഷ്ടിച്ചു കൊണ്ടു മാത്രമേ ലോക നേതൃത്വം കൈവരിക്കാനുള്ള തുടക്കമിടാനാ കൂ.

വികസന പശ്ചാത്തലം

ഈ ലക്ഷ്യം കൈവരിക്കുന്നതിനുള്ള സാമൂഹ്യ, രാഷ്ട്രീയ, സാമ്പത്തിക പശ്ചാ ത്തലം എന്താണ് ? അടുത്ത പത്തോ പതിനഞ്ചോ വർഷങ്ങൾക്കുള്ളിൽ ഇന്ത്യ യിൽ ഈ സംവാദത്തിന് ദ്രുതഗതിയിലുള്ള മാറ്റമുണ്ടാകുമെന്ന് ഞാൻ വിശ്വസി ക്കുന്നു. സാധ്യതകൾ യാഥാർത്ഥ്യമാക്കുന്നതിലേക്ക് സംവാദത്തിന്റെ ദിശയും തീരുമാനവും ഇന്ത്യയെ സംബന്ധിച്ചിടത്തോളം നിർണായകമാകുന്ന ആറ് മേഖല കൾ ഇതിനകം ഞാൻ കണ്ടെത്തിയിട്ടുണ്ട്. പരിഗണനാ മേഖലകൾ താഴെ പറയു ന്നവയാണ്.

1. കടുത്ത ദാരിദ്ര്യത്തിൽ നിന്നും വരുമാനത്തിന്റെ അസമത്വത്തിലേക്ക് - വരുമാന ത്തിന്റെ തലത്തിൽ നിന്നും ജീവിതശൈലി വിശകലനത്തിലേക്ക്. അഭിലാഷങ്ങ ളുടെ സാർവത്രികത
2. വില - പ്രവർത്തനക്ഷമതയിൽ മാറ്റം വരുത്തൽ
3. ലളിതമായ സാങ്കേതിക പരിഹാരങ്ങളിൽ നിന്നും ഉന്നത സാങ്കേതിക പരിഹാര ങ്ങളിലേക്കുള്ള സാർവത്രിക പ്രവേശനം
4. ഉൽപ്പന്നങ്ങളും തൊഴിലുകളും പാരിസ്ഥിതികമായ സജീവതയിലേക്ക് വക കൊള്ളിക്കൽ

5. ഭരണ നിർവഹണത്തിലുള്ള ശ്രദ്ധ കേന്ദ്രീകരണം.

ഇത്തരം ചോദ്യങ്ങൾ ഒരുമിച്ചെടുക്കുമ്പോൾ ഇന്ത്യയെ പോലുള്ള വലുതും സങ്കീർണവും വൈവിധ്യമാർന്നതുമായ ഒരു രാജ്യത്തെ സംബന്ധിച്ചിടത്തോളം സാമ്പത്തികവികസനത്തിന് പുതിയൊരു മാതൃകയാണ് അനിവാര്യമാക്കുന്നത്. ഈ മാതൃകയിലുള്ള വികസനത്തെ ഭാവിയുടെ ശൈലിയായി വിശേഷിപ്പിക്കുന്ന താകും ഉചിതം. കാരണം ഇത് ഇതിനു മുമ്പൊരിക്കലും മറ്റൊരിടത്തും ഇത്രയും വിപുലമായി പ്രയോഗിച്ചിട്ടില്ലെന്നത് തന്നെ. സ്വാതന്ത്ര്യസമരത്തിന് സമാനമായി നാം ഇന്ത്യക്കകത്തു നിന്നും കണ്ടെത്തേണ്ടതോ വികസിപ്പിക്കേണ്ടതോ ആയ ശൈലിയാണിത്. പുറത്തുള്ള മറ്റ് അടിസ്ഥാന മാതൃകകളിലേക്ക് നോക്കാതിരിക്കാ നാണ് ഇത് നമ്മെ പ്രചോദിപ്പിക്കേണ്ടത്. സാമ്പത്തിക വികസനത്തിന്റെ ഭാവി ശൈലി കണ്ടെത്താനാണ് നാം ശ്രമിക്കേണ്ടത്. ഇന്ത്യയുടെ അടുത്ത ഘട്ടം വികസന ത്തിന് പശ്ചാത്തലമൊരുക്കുന്ന പ്രേരകങ്ങൾ ഓരോന്നായി ഞാൻ പരിശോധി ക്കാം.

1. കടുത്ത ദാരിദ്ര്യത്തിൽ നിന്നും വരുമാനത്തിന്റെ അസമത്വത്തിലേക്കുള്ള മാറ്റം

കടുത്ത ദാരിദ്ര്യാവസ്ഥക്ക് കഴിഞ്ഞ ദശകത്തിൽ കാര്യമായ മാറ്റം വരുത്താൻ ഇന്ത്യക്ക് കഴിഞ്ഞിട്ടുണ്ട്. എങ്കിൽ പോലും ഇപ്പോഴും 380.6[3] ദശലക്ഷം ജനങ്ങൾ ഇപ്പോഴും പ്രതിദിനം ഒരു ഡോളറിൽ താഴെ വരുമാനവുമായാണ് ജീവിതം തള്ളി നീക്കുന്നത്. ഇത്തരത്തിലുള്ള ദാരിദ്ര്യത്തിന് അടുത്ത പതിനഞ്ചു വർഷത്തിനു ള്ളിൽ വീണ്ടും കാര്യമായ മാറ്റം വരുമെന്ന് നമുക്ക് ന്യായമായും അനുമാനിക്കാം. ഇന്ത്യ@75ന് കടുത്ത ദാരിദ്ര്യം എന്നത് ആശങ്കക്കിട നൽകുന്ന കാര്യമായിരിക്കാനി ടയില്ല. അതേസമയം കുറേക്കൂടി സങ്കീർണമായ പ്രശ്നം ഈ സ്ഥാനത്ത് ഉയർന്നു വരും. അതിദ്രുതത്തിലുള്ള സാമ്പത്തിക വികസനത്തിന്റെയും സമ്പദ് വ്യവസ്ഥയുടെ ആഗോളവൽക്കരണത്തിന്റെയും പ്രധാനമായ പ്രത്യാഘാതം ഫല ങ്ങളിലുള്ള വിടവുകളും അസമാനതകളുമാണ്. ഐ.ടി വ്യവസായത്തിൽ തൊഴി

[3] World Resources Institute

ലെടുക്കുന്നവരെ പോലെ സമൂഹത്തിലെ ചില വിഭാഗങ്ങൾ ഇതിന്റെ നേട്ടം കൊയ്യുമ്പോൾ ഗ്രാമീണ ഇന്ത്യയിലെ നിരക്ഷരരായ തൊഴിലാളികലെ പോലുള്ള വർ ഏറെ പിന്നിലായിപ്പോകുന്നു. ഈ അസമാനതകൾ സമൂഹത്തിൽ പുതിയ തരത്തിലുള്ള വിഭജനങ്ങൾക്ക് കാരണമാകും. വിദ്യാഭ്യാസമുള്ളവരും ഇല്ലാത്തവ രും, നാഗരികരും ഗ്രാമീണരും, രാജ്യത്തെ വിവിധ മേഖലകൾ, വിവിധ ആദിമ സമൂഹങ്ങൾ എന്നിങ്ങനെ പോകുന്നു ആ വിഭജനം. പ്രത്യാഘാതമെന്നോണം വരുമാനത്തിലുള്ള അസമത്വം സാമൂഹികമായ അസ്വസ്ഥതകൾക്ക് കാരണമാകും. ഇത് ഇന്ത്യയിലെ മാത്രം സംഭവവികാസമല്ല. ചൈനയും ബ്രസീലും ദക്ഷിണാഫ്രി ക്കയും പോലെ വേഗത്തിൽ വളരുന്ന മറ്റ് സമ്പദ് വ്യവസ്ഥകളിലും ഇതു തന്നെ യാണ് സ്ഥിതി. അമേരിക്കയിലേതു പോലെ വൻ സമ്പദ്‌വ്യവസ്ഥകളാകട്ടെ അതിദ്രുതമായ ഘടനാമാറ്റങ്ങൾ വിധേയമാകുകയുമാണ്. താഴെ കൊടുത്തിരി ക്കുന്ന പട്ടിക 1 അനുദിനം വളരുന്ന അസമത്വത്തെ ഗിനി കോ എഫിഷ്യന്റിന്റെ അടിസ്ഥാനത്തിൽ ചിത്രീകരിച്ചിരിക്കുന്നു.

**അസമത്വത്തിന്റെ അളവുകോൽ**

**ഗിനി കോ എഫിഷ്യന്റ്**

| | അമേ രിക്ക | ചൈന | ഇന്ത്യ | ബ്രസീൽ | ദ ആഫ്രിക്ക |
|---|---|---|---|---|---|
| 19851986 | 41.6 | 22.4 | 32.0 | 59.3 | |
| 19891991 | 42.7 | 34.1 | 32.1 | 64.0 | |
| 19951996 | 45.0 | 39.0 | 33.8 | 60.2 | |
| 19992001 | 46.3 | 42.0 | 36.0 | 59.6 | |
| 2006 | 46.9 | 47.0 | 39.5 | 57.2 | 59.0+ |
| ഏചക/രമുശമേ ജജജ | •43,555 | 7,600 | 3,800 | 8,600 | 13,000 |
| 200 ഞമിസ ശി ഒള കിറലഃ | 8 | 81 | 126 | 69 | 121 |

(177)

സമ്പദ് വ്യവസ്ഥയിലെ അടിസ്ഥാനഘടനയിലെ മാറ്റങ്ങളും അതിദ്രുതമായ സാമ്പത്തിക വികസനവും മൂലം വരുമാനത്തിലെ അസമത്വം രൂപപ്പെടുന്നത് പോലെ നമുക്ക് കാണാൻ കഴിയും. അമേരിക്കക്കും ഇതിൽ നിന്നും മോചനമില്ല. അസമത്വത്തിന്റെ ഒരു ഘടകം, വരുമാനം, മാത്രമാണ് നമ്മൾ പരിഗണിച്ചിരുന്നതെങ്കിൽ ഇന്ത്യ അത്രമാത്രം മോശമായി കാണുമായിരുന്നില്ല. പ്രാദേശിക ക്രയശേഷി പ്രതിഫലിപ്പിക്കുന്ന വരുമാനം/പ്രതിശീർഷ വരുമാനം (പർച്ചേസിംഗ് പവർ പാരിറ്റി പി.പി.പി), മാനവവിഭവശേഷി സൂചിക എന്നിവയാണ് മറ്റ് അളവുകോലുകൾ. ഇവ കണക്കിലെടുത്താൽ ഇന്ത്യ പട്ടികയിൽ താഴെയാണ്. അതുകൊണ്ടു തന്നെ ഇന്ത്യയിലെ ജനവിഭാഗങ്ങൾ അസ്വസ്ഥരാകുന്നതിൽ അത്ഭുതപ്പെടാനില്ല. സമ്മിശ്രമാണ് ഇന്ത്യ കൈകാര്യം ചെയ്യേണ്ട പ്രശ്നങ്ങൾ

എ. കുറഞ്ഞ പ്രതിശീർഷ വരുമാനം

ബി. മാനവശേഷി വികസനത്തിലുള്ള പോരായ്മ. മികച്ച അവസരങ്ങളിലേക്ക് നയിക്കുന്ന വിദ്യാഭ്യാസത്തിലും ആരോഗ്യസംരക്ഷണത്തിലുമുള്ള പിന്നോക്കാവസ്ഥ.

സി. അസമാനതകൾ അല്ലെങ്കിൽ വരുമാനത്തിലെ അന്തരം സൃഷ്ടിക്കുന്ന അന്തരീക്ഷം

ഡി. യുവാക്കൾക്ക് മുൻതൂക്കമുള്ള ജനസംഖ്യ. 52.3 ശതമാന[4]ത്തിലേറെ പേർ 25 വയസിൽ താഴെയുള്ളവരാണ്. ഇന്നത്തെ നിലയിൽ 2025 ആകുമ്പോഴും ഇതു തന്നെയാകും സ്ഥിതി. 41.8 ശതമാനം[5] പേർ 25 വയസിനു താഴെയുള്ളവരായിരിക്കും.

സമ്മിശ്രമായ ഈ പ്രശ്നങ്ങളോട് എങ്ങനെയാണ് പ്രതികരിക്കുകയെന്നത് പ്രതിഫലിപ്പിക്കപ്പെടേണ്ടതുണ്ട്. വരുമാനം വർധിപ്പിച്ച് കടുത്ത ദാരിദ്ര്യം ഇല്ലാതാക്കുന്നതിലും സാമ്പത്തികശ്രേണിയുടെ മുകൾത്തട്ടുകളിലേക്ക് കയറിപ്പോകുന്നതിന്

[4] Source: UN Population division: World Population Prospects 2006

[5] I have talked about 10% growth and 10 million new jobs for several years starting 2002.

അവസരങ്ങൾ സൃഷ്ടിക്കുകയുമാണോ ഇന്ത്യ ചെയ്യേണ്ടത് ? അല്ലെങ്കിൽ വരുമാനത്തിലെ അന്തരം കുറക്കുന്നതിലാണോ പൊതുനയം കേന്ദ്രീകരിക്കേണ്ടത് ? ദാരിദ്ര്യം (വരുമാനം), അവസരങ്ങളുടെ കുറവ് (വരുമാനക്ഷമത), വരുമാനത്തിലെ അന്തരം എന്നിവ തമ്മിലുള്ള വ്യത്യാസങ്ങൾ വ്യക്തമാക്കപ്പെടേണ്ടതുണ്ടെന്ന് ഞാൻ കരുതുന്നു. ഇവ ഇന്ത്യയിൽ ചർച്ച ചെയ്യപ്പെടുന്നില്ല. അതുകൊണ്ടു തന്നെ നമ്മുടെ പരിഹാരമാർഗങ്ങളിൽ നാം നേരിടുന്ന പ്രശ്നങ്ങൾ കൃത്യമായി കേന്ദ്രീകരിക്കപ്പെടുന്നുമില്ല.

ഇതുവരെ നാം ചെയ്തിരുന്നതിലും ദ്രുതഗതിയിൽ വരുമാനക്ഷമത സൃഷ്ടിക്കുന്നതിലാണ് ഞാൻ മുൻഗണന നൽകുന്നത്. വിദ്യാഭ്യാസത്തിലും കഴിവുകൾ വികസിപ്പിക്കുന്നതിലുമുള്ള പ്രതിജ്ഞാബദ്ധമായ സമീപനമാണ് ഇത് ആവശ്യപ്പെടുന്നത്. കേവലം വളർച്ചയല്ല (പത്ത് ശതമാനത്തിലധികം) മറിച്ച് ദ്രുതഗതിയിലുള്ള തൊഴിലവസരങ്ങളുടെ സൃഷ്ടി(പത്തു ദശലക്ഷത്തിലധികം ജോലി പ്രതിവർഷം)യാണ് ഇതോടൊപ്പം അർത്ഥമാക്കുന്നത്. വരുമാനത്തിലെ അന്തരം മൂലം ഉടലെടുക്കുന്ന സാമൂഹ്യമായ അസ്വസ്ഥതകൾ പരിഹരിക്കുന്നതിന് കാര്യക്ഷമമായ മറുമരുന്നാണ് വരുമാനക്ഷമത കൂട്ടൽ. സമ്പന്നരിൽ നിന്നും നികുതി ഈടാക്കിയും ദരിദ്രർക്ക് സബ്സിഡി നൽകിയുമുള്ള പരമ്പരാഗത മാർഗങ്ങളിലേക്കുള്ള മടങ്ങിപ്പോകലല്ല ഇതിനുള്ള ഉത്തരം. എല്ലാവരും ദരിദ്രരായി തുടരുന്നതിലൂടെ വരുമാനസമത്വമുണ്ടാകുമെന്ന കമ്മ്യൂണിസ്റ്റ്, സോഷ്യലിസ്റ്റ് ആശയത്തിലേക്ക് മടങ്ങിപ്പോകാനും നമ്മൾ ആഗ്രഹിക്കുന്നില്ല. നമുക്ക് ആവശ്യം അതിദ്രുത സാമ്പത്തിക വളർച്ചയും ഉയർന്ന വരുമാനക്ഷമതയും കുറഞ്ഞ വരുമാന അസമത്വവുമാണ്.

ഈ സംവാദം പല തരത്തിലാകാം. ഉദാഹരണത്തിന് പലപ്പോഴും എന്നോട് ചോദിക്കാറുള്ള ഒരു ചോദ്യം ആഗോളവൽക്കരണം പാവപ്പെട്ടവരെ സംബന്ധിച്ചിടത്തോളം ഗുണമോ മെച്ചമോ എന്നാണ്. അതൊരു തെറ്റായ ചോദ്യമാണ്. ആഗോളവൽക്കരണം എല്ലാവർക്കും എങ്ങനെ പ്രയോജനപ്രദമാക്കാനാകുമെന്നാണ് ചോദിക്കേണ്ടത്. ചോദ്യങ്ങൾ എങ്ങനെ ചോദിക്കുന്നു എന്നത് ഉത്തരം കണ്ടെത്തുന്നതിൽ പരമപ്രധാനമാണ്. ആഗോളവൽക്കരണം ഗുരുത്വാകർഷണം പോലെയാണ്. അതിനെ നിഷേധിക്കുന്നത് കൊണ്ട് ഒരു ഫലവുമില്ല. മറിച്ച് ഇതിനെ അതിജീ

വിക്കുന്ന വിമാനമുണ്ടാക്കുകയാണ് വേണ്ടത്. ഉൾക്കൊള്ളുന്ന വളർച്ച എന്നത് സബ്സിഡികളല്ല. മറിച്ച് സ്ഥായിയായ അവസരങ്ങളുടെ സൃഷ്ടിയാണ്. ഇന്ത്യയും ചൈനയും അതിദ്രുതം വളരുകയാണ്. അതോടൊപ്പം ഇന്ത്യ എല്ലാ വിഭാഗങ്ങളെയും ഉൾക്കൊള്ളിക്കുക എന്ന പ്രശ്നത്തിന് പരിഹാരം കാണാനും ചൈന സഹവർത്തിത്വമുള്ള സമൂഹത്തിനായും ശ്രമിക്കുന്നു. ഇന്ത്യ ഈ മേഖല യിൽ മുന്നോട്ടു പോകണം.

2. വരുമാനതലത്തിൽ നിന്നും ജീവിതശൈലിയിലേക്ക്: അഭിലാഷങ്ങളുടെ സാർവ ത്രികത.

പ്രതിശീർഷവരുമാനത്തെ കുറിച്ചുള്ള ചർച്ച വികസനരേഖകളിലും ചിന്തകളിലും ആധിപത്യം പുലർത്തുമ്പോൾ തന്നെ, അത് ജനങ്ങളുടെ ജീവിതത്തിലേക്കും അവരുടെ ആഗ്രഹങ്ങളിലേക്കും വെളിച്ചം വീശുന്നില്ല. ജനതയുടെ ആഗ്രഹത്തിന് എപ്പോഴും പിൻനിരയിലാണ് സ്ഥാനം. ഉദാഹരണത്തിന് - പ്രതിദിനം രണ്ടു ഡോളറിലുള്ള ജീവിതം. വ്യക്തികൾ ഒറ്റക്കല്ല ജീവിക്കുന്നത്. അവർക്ക് കുടും ബങ്ങളിലാണ് ജീവിക്കുന്നത്. അഞ്ചു പേരുള്ള ഒരു കുടുംബത്തെ കണക്കിലെടു ക്കൂ. പ്രതിദിനം രണ്ട് ഡോളറെന്നത് പ്രതിദിനം പത്തു ഡോളറാകുന്നു. പ്രതി വർഷം 3650 ഡോളർ. അതായത് പ്രതിവർഷം 146000 രൂപ. നമ്മൾ മനസിലാക്കേ ണ്ടത് ഉപഭോക്തൃകേന്ദ്രീകൃതമായി ഇന്ത്യയിലുണ്ടായ വളർച്ചയിൽ കാര്യമായ സംഭാവന നൽകിയത് പ്രതിദിനം രണ്ട് ഡോളറിൽ ജീവിക്കുന്നവരാണ് എന്ന വസ്തുതയാണ്. ഇരുചക്രവാഹനങ്ങൾ, സെൽഫോണുകൾ, സൗന്ദര്യവർധക ങ്ങൾ, വസ്ത്രങ്ങൾ, സ്വകാര്യ ആശുപത്രികൾ, വിദ്യാഭ്യാസം തുടങ്ങിയ ഒട്ടേറെ മേഖലകൾ ഈ കുടുംബങ്ങളോട് കടപ്പെട്ടിരിക്കുന്നു. വരുമാനക്ഷമതയും വരുമാ നാന്തരവും വിലയിരുത്തുന്നതിന് ഉചിതമായ ഉപായങ്ങളിൽ ഇന്ത്യ ഇനിയും ശ്രദ്ധ കേന്ദ്രീകരിക്കേണ്ടിയിരിക്കുന്നു. വരുമാനമാണോ, ജീവിതശൈലിയാണോ കാര്യം ? ഉദാഹരണത്തിന് മുംബൈയിലെ ചേരിപ്രദേശമായ ധാരാവിയിലൂടെ ചുറ്റിത്തിരി യുകയാണെങ്കിൽ നാം കാണുക കുടിലുകളിൽ താമസിക്കുന്നവരെയാണ്. പക്ഷെ അവർക്ക് കളർ ടെലിവിഷൻ സെറ്റുകളുണ്ടായിരിക്കും. കുക്കർ, സെൽഫോൺ, ഇലക്ട്രിക്ക് തേപ്പുപെട്ടി, ഫാൻ എന്നിവയും ഒരു ഫ്രിഡ്ജും കൂടി ഈ കുടിലുക

ളിൽ കണ്ടേക്കാം. പുറമെ കാണുന്നതിൽ നിന്നും വളരെ വ്യത്യസ്തമാണ് അവരുടെ ജീവിതശൈലി. സ്യൂവിജ്, കുടിവെള്ളം, ടോയ്‌ലറ്റ് തുടങ്ങിയ സൗകര്യങ്ങളില്ലാത്ത ഒരു ചേരിയിലാണിത്.

ജീവിതശൈലിയിലെ സൂചകങ്ങൾ എന്താണ് അർത്ഥമാക്കുന്നത്, എന്തിനാണ് നമ്മൾ ഇതിൽ ശ്രദ്ധിക്കുന്നത് ? അടുത്ത ഇരുപത് വർഷങ്ങളിൽ ഇന്ത്യയിലെ 30 മുതൽ 35 ശതമാനം വരെ ജനങ്ങൾ താമസിക്കുന്നത് ചേരികളിൽ തന്നെയായിരിക്കും. ഇവയെ ജനസാന്ദ്ര മേഖലകളായി നമുക്ക് വിശേഷിപ്പിക്കാം. രണ്ടും മൂന്നും നിര നഗരങ്ങളിൽ സംഭവിക്കുന്ന അതിദ്രുത നഗരവൽക്കരണത്തിന്റെ പ്രത്യാഘാതങ്ങളെ കുറിച്ചും ഇന്ത്യ വിശകലനം നടത്തേണ്ടതുണ്ട്. ഈ വികസനം സമൂഹം നേരിടുന്ന കാതലായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പുതിയ അവസരങ്ങൾ നൽകുന്നുണ്ടോ, അതോ ഈ പ്രശ്നങ്ങൾ കൂടുതൽ രൂക്ഷമാക്കുകയാണോ ?.
ചെറുതോ വലുതോ ആകട്ടെ ജനങ്ങൾ നഗരങ്ങളിലേക്ക് വരുമ്പോൾ അവരുടെ അഭിലാഷങ്ങളിൽ നാടകീയമായി മാറ്റം വരുന്നു. സമ്പന്നരെയാണ് അവർ അളവുകോലാക്കുന്നത്. ജീവിതശൈലികളോട് അവർ കൂടുതൽ അവബോധമുള്ളവരാകുന്നു. ബിൽബോർഡുകൾ, ടെലിവിഷൻ, മറ്റ് മാധ്യമങ്ങൾ എന്നിവയിലൂടെ അവർ പലതിനെ കുറിച്ചും അറിയുന്നു. അഭിലാഷങ്ങൾക്ക് മാറ്റമുണ്ടാകുന്നത്രയും വേഗത്തിൽ വരുമാനത്തിൽ മാറ്റമുണ്ടാകണമെന്നില്ല. അനുദിനം വർധിക്കുന്ന അഭിലാഷങ്ങളും വർധിക്കാത്ത വരുമാനവും തമ്മിലുള്ള വിടവ് സാമൂഹികമായ അസ്വസ്ഥതകൾ ഗണ്യമായ തോതിൽ വർധിക്കുന്നതിന് കാരണമാകും. ജീവിതശൈലിയിലെ തുല്യതയില്ലായ്മയാണ് സാമൂഹികമായ അസ്വസ്ഥതകളുടെ പ്രാഥമിക കാരണമായി ഞാൻ ചൂണ്ടിക്കാട്ടുന്ന്. പ്രശ്നത്തെ കേവലം വരുമാനത്തിന്റെ തുല്യതയില്ലായ്മ എന്നതിലുപരി ജീവിതശൈലിയിലെ തുല്യതയില്ലായ്മയായി ആശയവൽക്കരിക്കുകയാണെങ്കിൽ ഈ പ്രശ്നത്തിന് നമുക്ക് പരിഹാരം കണ്ടെത്താനായേക്കും.

3. വില - പ്രവർത്തനക്ഷമതയിലെ മാറ്റം

കുറഞ്ഞ വരുമാനം, ഉന്നതമായ അഭിലാഷങ്ങൾ, വരുമാനത്തിലെ അസന്തുലിതാവസ്ഥ എന്നീ പ്രശ്നങ്ങളുടെ കൂട്ടായ്മ നമുക്ക് നൽകുന്നത് ഒരു നിമിഷം നിരാശയായിരിക്കാം. ഈ പ്രശ്നങ്ങളെ ഒരേ സമയം നമുക്ക് എങ്ങനെ നേരിടാനാകും. ഇത് സാധ്യമാണെന്നാണ് ഞാൻ കരുതുന്നത്. എല്ലാ ഉൽപ്പന്നങ്ങളുടെയും സേവനങ്ങളും വില - പ്രവർത്തനക്ഷമതാ തലത്തിലെ അടിസ്ഥാനപരമായ മാറ്റത്തിൽ നമ്മൾ ശ്രദ്ധ കേന്ദ്രീകരിക്കണം. പൊതു, സ്വകാര്യ സംഘടിത മേഖല ഉൽപ്പന്നങ്ങളും സേവനങ്ങളും നൽകുന്നത് സമൂഹത്തിലെ സമ്പന്നർക്കും നല്ല നിലയിലുള്ളവർക്കുമാണ്. ഉൽപാദക - ഉപഭോക്തൃപിരമിഡിന്റെ താഴെത്തട്ടിലുള്ള പാവപ്പെട്ടവർ സംഘടിതമേഖലയുടെ ദൃശ്യപരിധിയിൽ വരുന്നില്ല. താഴെ കൊടുത്തിരിക്കുന്ന ചിത്രം ഇത് ഉദാഹരിക്കുന്നു.




പരമ്പരാഗതമായി ദരിദ്രർ, മധ്യവർഗം, സമ്പന്നർ എന്നിവരെ വ്യത്യസ്ത വിഭാഗങ്ങളായാണ് കണക്കാക്കാറുള്ളത്. വിഭിന്നമായ പ്രവർത്തനസ്വഭാവത്തോടെയാണ് ഉൽപ്പന്നങ്ങളും സേവനങ്ങളും വികസിപ്പിക്കപ്പെട്ടിട്ടുള്ളത്. ഘടനാപരവും വികാരപരവും സൗന്ദര്യപരവുമായ പ്രവർത്തനഘടകങ്ങളും വ്യത്യസ്തമാണ്. പ്രവർത്ത

നത്തെ ആസ്പദമാക്കിയാണ് വില. ത്വക്കിന് അസ്വസ്ഥതയുണ്ടാക്കുന്ന അലക്കു പൊടി പാവപ്പെട്ടവർക്ക് സ്വീകാര്യമായിരുന്നു. ബയോമാസ് ഉപയോഗിച്ചുള്ള പാചകവും അങ്ങനെ തന്നെ. എൽ.പി.ജിയുടെ ആവശ്യം ഗ്രാമങ്ങളിലെ ദരിദ്രർക്കില്ലായിരുന്നു. പുറമെ ദൃശ്യമല്ലാത്തതും അതേസമയം വ്യക്തവുമായ വില - പ്രവർത്തനക്ഷമത (മൂല്യം) ബന്ധം നമ്മൾ ദരിദ്രവിഭാഗങ്ങളിൽ നിന്നും സമ്പന്നരിലേക്ക് ചെല്ലുമ്പോഴുണ്ട്. ദരിദ്രരും ഉപഭോക്താക്കളായി ഉയർന്നു വന്നതോടെ ഈ ചിത്രത്തിന് മാറ്റം വന്നു. ഘടനയിലും ഗുണമേന്മയിലും വിട്ടുവീഴ്ചയില്ലാതെ ഉപഭോക്താവിന് താങ്ങാനാവുക എന്നത് കണക്കിലെടുക്കപ്പെട്ടതോടെ മൂല്യസമവാക്യത്തിൽ മാറ്റം വന്നു. 30 ഡോളർ തിമിര ശസ്ത്രക്രിയ, 30 ഡോളർ സെൽഫോൺ, 0.01 ഡോളർ ഷാമ്പൂ സാഷെ, 2500 ഡോളർ കാർ, 100 ഡോളർ കമ്പ്യൂട്ടർ, 25 ഡോളർ ഹോട്ടൽ മുറി തുടങ്ങിയവയെല്ലാം മൂല്യസമവാക്യത്തിൽ വന്ന നാടകീയമായ മാറ്റത്തിന്റെ ചിത്രീകരണമാണ്. ഈ പ്രക്രിയ ഇനിയും വേഗമാർജിക്കും. ജീവിതശൈലി തുല്യത സൃഷ്ടിക്കാനുള്ള ശേഷിയിലുള്ള വർധനക്ക് വർധിക്കുന്ന വരുമാന അസന്തുലിതത്വത്തിന് മറുമരുന്ന് നൽകാനായേക്കും. ഈ പ്രവണത, ലോകമെങ്ങുമുള്ള ഉന്നത സാങ്കേതികവിദ്യാ വിപണിയിലെ മാറ്റം കണക്കിലെടുക്കുമ്പോൾ കൂടുതൽ പിന്തുണ നേടാനാണ് സാധ്യത.

4. ലളിതമായ സാങ്കേതിക പരിഹാരങ്ങളിൽ നിന്നും ഉന്നത സാങ്കേതിക പരിഹാരങ്ങളിലേക്കുള്ള സാർവത്രിക പ്രവേശനം

ഉന്നത സാങ്കേതികവിദ്യാ ഘടകങ്ങളിലെ പ്രവർത്തനക്ഷമതാ പുരോഗതിയിൽ വന്നിട്ടുള്ള നാടകീയമായ മാറ്റങ്ങൾ താഴത്തെ മൂന്നാം പട്ടികയില കൊടുത്തിട്ടുള്ളത് പോലെ നമുക്ക് പരിഗണിക്കാം.

## വില - പ്രവർത്തനക്ഷമത പ്രതീക്ഷിച്ചതിനെക്കാൾ വേഗത്തിൽ മാറിക്കൊണ്ടിരിക്കുന്നു.

| | 1970 | 80 | 90 | 2006 |
|---|---|---|---|---|
| 1. ട്രാൻസിസ്റ്റർ / ചിപ്പ് | $10^3$ | | $10^6$ | $10^9$ |
| 2. മൈക്രോ ഡിവൈസസിന്റെ വലിപ്പത്തിലുണ്ടായ കുറവ് | | $10^1$ | | $10^6$ |
| 3. കമ്പ്യൂട്ടിംഗ് ശേഷി | | | $10^{11}$ | $10^{15}$ |
| 4. കോസ്റ്റ് / എം.ഐ.പി (●1000) | | | 1 | 1ങ |
| 5. ഡി.എൻ.എ സീക്വെൻസിംഗ് കോസ്റ്റ് (●/ബേസ് പെയർ) | | | 10 | 0.05 |
| 6. മാഗ്നറ്റിക് ഡാറ്റ സ്റ്റോറേജ് (ബിറ്റ്സ് / ഡോളർ) | $10^4$ | | | $10^{11}$ |

ടീൗൃരല: ഞമ്യ ഗൗൃ്വംലഹഹ

ഉന്നത സാങ്കേതിരംഗത്ത് യൂണിറ്റിനനുസൃതമായി നിരക്കിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റം അർത്ഥമാക്കുന്നത് ദരിദ്രവിഭാഗങ്ങൾക്കും അത്യന്താധുനിക സാങ്കേതികവിദ്യയിലുള്ള ഉൽപ്പന്നങ്ങളും സേവനങ്ങളും താങ്ങാവുന്നതായിരിക്കുന്നു എന്നാണ് - അതൊരു സെൽഫോണോ, ഐ പോഡോ ആയിക്കൊള്ളട്ടെ, അതും കുറഞ്ഞ സമയത്തിനുള്ളിൽ. ഇതിനുമപ്പുറം, സ്വത്തിന്റെ പല പുതിയ സ്രോതസുകളും - അതായത് വിവരങ്ങളിലേക്കുള്ള പ്രവേശനം പോലുള്ളവ - ഗൂഗിളിന്റെ കേസിലേതു പോലെ സൗജന്യമായി വരികയാണ്. അതുകൊണ്ടു തന്നെ വില - പ്രവർത്തനക്ഷമതയിൽ ഇന്ത്യയെ പോലെ ഉയർന്നു വരുന്ന വിപണികളിലുള്ള സമ്മർദ്ദം ഒരു ആഗോള പ്രതിഭാസത്തിന് കാരണമായേക്കാം. വിലകളിലുള്ള നാടകീയമായ കുറവും വിലനിരക്കുകളുടെ ഘടനയിൽ അടിസ്ഥാനപരമായ പുനർരേഖീകരണവും. വിവിധ വ്യവസായങ്ങളിൽ നിന്നുള്ള ഉദാഹരണങ്ങളിൽ നിന്നും അവതരിപ്പിക്കപ്പെടുന്നത് പോലെ ഈ പ്രക്രിയ ഇപ്പോൾ തന്നെ നടന്നു കൊണ്ടി

രിക്കുകയാണ്. ഈ നിരക്കുകളിൽ എല്ലാവർക്കും ഏറ്റവും പുതിയ സാങ്കേതിക വിദ്യാ പരിഹാരങ്ങൾ നൽകാൻ ഇന്ത്യക്ക് കഴിയാത്തതിന് യാതൊരു കാരണവും ചൂണ്ടിക്കാട്ടാനുണ്ടാകില്ല. അതൊരു നല്ല വാർത്തയാണ്. കൂടുതൽ പേർക്ക് മികച്ച സാധനങ്ങൾ സ്വന്തമാക്കാനാകും. ജീവിതശൈലിയുമായി ബന്ധപ്പെട്ട അഭിലാഷ ങ്ങൾ സാർത്ഥകമാക്കാൻ കഴിയും. വാങ്ങൽശേഷിയിലുണ്ടാകുന്ന ഈ വർധന യുടെ ഫലം ഉപഭോഗത്തിൽ സൃഷ്ടിക്കപ്പെടുന്ന സ്ഫോടനാത്മകമായ വളർച്ചയാ ണ്. വിപണി മുന്നോട്ടു വയ്ക്കുന്ന വലിയ അവസരങ്ങൾക്ക് പരിസ്ഥിതിയിലും മറ്റും അതിന്റേതായതും എടുത്തുപറയേണ്ടതുമായ സ്വാധീനങ്ങളുണ്ടാകുകയും ചെയ്യും.

5. ഉൽപ്പന്നങ്ങളും തൊഴിലുകളും പാരിസ്ഥിതികമായ സജീവതയിലേക്ക് വക കൊള്ളിക്കൽ

800 ദശലക്ഷം ഇന്ത്യക്കാർ മൈക്രോ ഉപഭോക്താക്കളും മൈക്രോ ഉൽപാദകരും ആയി മാറിയാൽ എന്താണ് സംഭവിക്കുക. പാരിസ്ഥികാഘാതങ്ങൾ ഗൗരവതരമാ യിരിക്കും. വെള്ളമായാലും ഊർജമായാലും മാലിന്യമായാലും, പാക്കേജിംഗായാ ലും, ഭൂവിനിയോഗമായാലും പരിസ്ഥിതിക്ക് മേൽ സമ്മർദ്ദമേറും. നിലനിൽപ്പിന് വിവിധ മാനങ്ങളുണ്ട്. അത് കേവലം ഊർജമോ വെള്ളമോ അല്ല. മാലിന്യവുമല്ല. ദൗർഭാഗ്യവശാൽ പാരിസ്ഥിതിക സമ്മർദ്ദത്തിന് ആദ്യം ഇരകളാകുന്നത് ദരിദ്രരാ ണ്. ട്രക്കുകളിലെത്തുന്ന കുടിവെള്ളമായാലും ശ്വാസകോശരോഗങ്ങളായാലും ഉദ രരോഗങ്ങളായാലും - ആദ്യത്തെ ഇരകൾ അവരാണ്.

അതിദ്രുത വളർച്ചയുടെ ഫലമായി ഉപഭോഗവും ഉൽപാദനവും ലോകമെങ്ങുമുള്ള പാരിസ്ഥിതിക വ്യവസ്ഥകളിലുണ്ടാക്കുന്ന ആഘാതം മനസിലാക്കേണ്ടത് വളരെ നിർണായകമാണ്[6]. പാരിസ്ഥിതികാഘാതത്തിന് അതിർത്തിഭേദമില്ല. പാരി സ്ഥിതിക വ്യവസ്ഥയുടെ പങ്ക് നമുക്ക് രണ്ട് തരത്തിൽ പരിഗണിക്കാം - വെള്ള ത്തിന്റെയും ഭക്ഷണത്തിന്റെയും വകയിരുത്തൽ. രണ്ടാമതായി നമ്മുടെ പ്രകൃതി മൂലധനത്തെയും പ്രകൃതി വിഭവങ്ങളേയും എങ്ങനെ നിയന്ത്രിക്കാനും സംരക്ഷി

[6] World resources institue

ക്കാനും കഴിയുന്നു ? ഉദാഹരണത്തിന് നമുക്ക് നമ്മെ വെള്ളപ്പൊക്കം പോലുള്ള പ്രകൃതിക്ഷോഭങ്ങളിൽ നിന്ന് സംരക്ഷിക്കാൻ കഴിയും. നമുക്ക്, ഉദാഹരണത്തിന് മുംബൈയിലെ സ്യൂവിജ് സംവിധാനം പരിഷ്കരിച്ച് മൺസൂൺ കാലത്തെ കനത്ത മഴക്ക് പ്രതിരോധമുണ്ടാക്കാനാകും. മലേറിയ പോലുള്ള രോഗങ്ങൾ പട രുന്നത് നമുക്ക് നിയന്ത്രിക്കാൻ കഴിയും. വനനശീകരണം തടയാൻ കഴിയും. അവസാനമായി പ്രകൃതിയുടെ സദ്ഫലങ്ങൾ ആസ്വദിക്കാനും കഴിയും. മനോഹര മായ തടാകങ്ങൾ, മഞ്ഞു പൊതിഞ്ഞ മലനിരകൾ, സമുദ്രം.... ജീവിതത്തിന്റെ ഗുണമേന്മയിലേക്ക് പ്രകൃതിക്കും കൂട്ടിച്ചേർക്കാൻ കഴിയും.

ലോകമെമ്പാടും മനുഷ്യന്റെ വൈഭവം പ്രകൃതിയുടെ വരദാനങ്ങൾ കൂടുതലാക്കു ന്നതിനുള്ള വഴികൾ കണ്ടെത്തിയിട്ടുണ്ട്. ഓരോ ഏക്കർ ഭൂമിയിലും നമ്മൾ കൂടു തൽ കാർഷികോൽപ്പാദനം നടത്തുന്നു. വകയിരുത്തൽ കൂടുതലാക്കാനായിട്ടു ണ്ടെന്ന് നമുക്ക് പറയാനാകും. എന്നിരുന്നാലും പ്രകൃതി മൂലധനത്തിന്റെ നിയന്ത്ര ണം, സമ്മിശ്രമായ ചിത്രമാണ് നമുക്ക് സമ്മാനിക്കുന്നത്. പ്രളയം, വരൾച്ച, വനന ശീകരണം, പാഴ്നിലങ്ങൾ, ജലമലിനീകരണം തുടങ്ങിയവ എല്ലാവർക്കും അറി യാവുന്നതാണ്. ഇതിനോട് ഇന്ത്യയും എത്രയും വേഗം പ്രതികരിക്കേണ്ടതുണ്ട്. മതിയായ നിയന്ത്രണത്തിന്റെയും നിയമനടപടികളുടെയും അഭാവം മൂലം എന്താണ് ഇന്ത്യയുടെ പ്രകൃതി മൂലധനത്തിൽ സംഭവിച്ചു കൊണ്ടിരിക്കുന്നതെന്ന് ഭൂപടങ്ങളുടെയും ഉപഗ്രഹചിത്രങ്ങളുടെയും സഹായത്തോടെ എനിക്ക് നിങ്ങളു മായി പങ്കുവയ്ക്കാൻ കഴിയും. പല മേഖലകളുണ്ടെങ്കിലും ഉടനടി ശ്രദ്ധ തിരി യേണ്ട നാലെണ്ണം ഞാൻ തെരഞ്ഞെടുക്കുന്നു.

1. വെള്ളത്തിന്റെ ഗുണനിലവാരം, ലഭ്യത, കൃഷി - വ്യവസായം - കുടുംബാവശ്യ ങ്ങൾക്കുള്ള ഉപയോഗത്തിന്റെ മിശ്രണം
2. ഊർജം
3. വനനശീകരണം
4. ആരോഗ്യം - ഇത് വെള്ളവും ഊർജവുമായി ബന്ധപ്പെട്ടിരിക്കുന്നു.

സ്ഥായിയായ വികസനത്തെ കുറിച്ച് ചിന്തിക്കാതെ ദാരിദ്ര്യ നിർമാർജനം സാധ്യ മാകില്ല. ഇവ രണ്ടും പരസ്പരബന്ധിതമാണ്. ഊർജം, വെള്ളം, പാക്കേജിംഗ്, പ്രതിശീർഷ മാലിന്യം എന്നിവ സംബന്ധിച്ച ഇപ്പോഴത്തെ വികസനമാതൃകകൾ അപര്യാപ്തവും പുതിയ അടിസ്ഥാനാശയങ്ങൾ രൂപപ്പെടുത്തേണ്ടതുമാണ്. പാരി സ്ഥിതികമായി ഒരു ടൈംബോംബിനെയാണ് ഇന്ത്യ പ്രതിനിധാനം ചെയ്യുന്നത്. കുടിവെള്ള ദൗർലഭ്യം നാഗരിക ഇന്ത്യ ഇപ്പോൾ തന്നെ നേരിടുന്ന പ്രധാന പ്രശ്ന മാണ്. ഇത് കൂടുതൽ വഷളാകാനാണ് സാധ്യത. ഊർജത്തിന്റെ നിരക്കും വളരെ കൂടുതലാണ്. ഇത്തരത്തിലുള്ള വിഭവശൈലികൾക്ക് നിലനിൽപ്പില്ല. വിഭവങ്ങ ളുടെ മികവുറ്റ ഉപയോഗം കണ്ടെത്തുകയും പുതിയ മുന്നേറ്റങ്ങളുണ്ടാകുകയും വേണം. പാചകത്തിന് കൂടുതൽ മികവുറ്റ സംവിധാനങ്ങൾ, വ്യാവസായിക, കാർഷിക, ഗാർഹിക ആവശ്യങ്ങൾക്കുള്ള കുടിവെള്ളത്തിന് മികവുറ്റ നിരക്ക് നിശ്ചയിക്കൽ, മാലിന്യ ലഘൂകരണത്തിന് മികവുറ്റ സംവിധാനങ്ങൾ - ജൈവവി ഘടിത പാക്കേജിംഗ് ഉൾപ്പെടെ. നീതിപൂർവകവും ഉൾക്കൊള്ളുന്നതുമായ സമൂഹ ത്തിനായുള്ള താങ്ങാവുന്ന വില - പ്രവർത്തനക്ഷമതാ തലങ്ങൾക്ക് പാരിസ്ഥിതി കമായ ചെലവ് കൂടിയുണ്ടാകുമെന്ന് ഞാൻ കരുതുന്നു. പാരിസ്ഥിതികമായി സംവേദനക്ഷമമായതും തടസമില്ലാതെ എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ വളർച്ച രൂപപ്പെടുന്നതിനുള്ള മുൻകൂർ വ്യവസ്ഥകൾ എന്തൊക്കെയാണ് ?

6. ഭരണ നിർവഹണത്തിലെ ശ്രദ്ധ കേന്ദ്രീകരണം

വാങ്ങൽ ശേഷിയുടെ അടിസ്ഥാനത്തിൽ നമുക്ക് പ്രതിശീർഷ ജി.എൻ.ഐയും ഭരണനിർവഹണത്തിലെ ഗുണമേന്മയും പരിഗണിക്കാം. ആദ്യത്തേത് മാനവ വികസനസൂചികയുടെ അടിസ്ഥാനത്തിൽ രാജ്യത്തിന്റ നിലയാണ് സൂചിപ്പിക്കുന്ന തെങ്കിൽ രണ്ടാമത്തേത് അഴിമതിയുടെ തോതിനെയാണ് സൂചിപ്പിക്കുന്നത്. എല്ലാ രാജ്യങ്ങളേയും സംബന്ധിച്ച ഈ വസ്തുതകൾ ലഭ്യമാണ്. ഉദാഹരണത്തിന്

എ. ലോകബാങ്കിൽ നിന്നും പി.പി.പി അടിസ്ഥാനത്തിലുള്ള പ്രതിശീർഷ ജി. എൻ.ഐ

ബി. യു.എൻ.ഡി.പിയിൽ നിന്നുള്ള മാനവവികസന സൂചിക

സി. ട്രാൻസ്പരൻസി ഇന്റർനാഷണലിൽ നിന്നുള്ള അഴിമതി സൂചിക

ഈ വിവരങ്ങൾ ഉപയോഗിച്ച് ദരിദ്ര, സമ്പന്ന രാഷ്ട്രങ്ങളെ വിലയിരുത്തുകയാണെങ്കിൽ രസകരമായ ചില വസ്തുതകൾ നമുക്ക് കാണാൻ കഴിയും

എ. മാനവവികസന സൂചികയുടേയും അഴിമതി സൂചികയുടെയും വിലയിരുത്തലിൽ നിന്നും അഴിമതി വ്യാപകമായ രാഷ്ട്രങ്ങൾ മനുഷ്യവിഭവശേഷി വികസനത്തിൽ പിന്നിലാണെന്ന് വ്യക്തമാകുന്നു.

ബി. അഴിമതി സൂചികയേയും ജി.ഡി.പി പ്രതിശീർഷകത്തെയും പി.പി.പി അടിസ്ഥാനത്തിൽ വിലയിരുത്തുമ്പോൾ അഴിമതി വ്യാപകമായ രാഷ്ട്രങ്ങൾ സമ്പന്നമല്ലെന്ന് കാണാൻ കഴിയും. ജനതതിയിലെ ചെറിയ വിഭാഗങ്ങൾ സമ്പന്നരായിരിക്കാം, പക്ഷെ രാജ്യമാകമാനം സമ്പന്നമല്ല.

സി. മാനവ വികസന സൂചികയും ജി.ഡി.പി പ്രതിശീർഷകവും കണക്കിലെടുക്കുമ്പോൾ ഇവ ഒരേ രീതിയിലാണെന്ന് വ്യക്തമാകും. എത്രത്തോളം കൂടുതൽ മാനവ വിഭവശേഷിയിൽ നിക്ഷേപം നടത്തുന്നുവോ അത്ര മാത്രം രാജ്യം സമ്പന്നവുമാകും എന്നർത്ഥം.

ഈ പരസ്പരബന്ധമാണ് ചുവടെ ചിത്രീകരിച്ചിരിക്കുന്നത്. ഇതിൽ നിന്നും നമുക്ക് ചില പ്രധാന അനുമാനങ്ങളിൽ എത്തിച്ചേരാൻ കഴിയും. വിഭവങ്ങളുടെ കുറവല്ല ഇന്ത്യയിൽ മാനവ വികസനത്തിലുള്ള ഗുണനിലവാരമില്ലായ്മക്ക് കാരണം. വിഭവങ്ങളുടെ വിതരണത്തിലുള്ള അഴിമതിയാണ് ഇതിന് കാരണം. മികച്ച ഭരണനിർവഹണം അല്ലെങ്കിൽ അഴിമതി രഹിതമായ ഭരണം ഉയർന്ന ജി.ഡി.പി പ്രതിശീർഷകത്തിലേക്ക് നയിക്കുന്നു, അല്ലാതെ മറിച്ചല്ല. ഒരു രാഷ്ട്രം ആദ്യം സമ്പന്നമാകുകയും പിന്നീട് അഴിമതി രാഹിത്യത്തിലേക്ക് നീങ്ങുകയുമല്ല സംഭവിക്കുന്നത്. രാജ്യം ആദ്യം കുറഞ്ഞ അഴിമതിയിലേക്കും തുടർന്ന് സമ്പത്തിലേക്കും നീങ്ങുകയാണ് ചെയ്യുന്നത്. മാനവ വികസനത്തിലുള്ള ശ്രദ്ധ കേന്ദ്രീകരിക്കൽ സമ്പന്നമാകുന്നതിൽ വളരെ നിർണായകമാണ്. ഇതൊന്നും പെട്ടെന്നുണ്ടായ അനുമാനങ്ങളല്ല. ഇവ വളരെ വ്യക്തമാണ്, രേഖീകരിക്കപ്പെട്ട വിവരങ്ങൾ ഈ അനുമാനങ്ങളെ ശക്തിപ്പെടുത്തുന്നുവെന്നേയുള്ളൂ. 2006ലെ ഇന്ത്യയുടെ ജി.ഡി.പി പ്രതിശീർഷകത്തെയും മാനവവികസനസൂചികയിലെ സ്ഥാനത്തേയും (177ൽ 126-ാമത്) ഞാൻ വിലയിരുത്തി. സന്തോഷിക്കാൻ കാര്യമായി ഒന്നുമില്ല. പത്തു പോയിന്റുള്ള അഴിമതി സൂചകത്തിൽ 3.3 ആണ് ഇന്ത്യയുടെ നില. വളരെ മോശപ്പെട്ട രാജ്യങ്ങൾ മാത്രമാണ് ഇതിനും താഴെയുള്ളത്.

Human Development Index (HDI) vs. Corruption Perception Index (CPI)




Corruption Perception Index (CPI) vs. Purchasing Power Parity (PPP)






ഈ സൂചകങ്ങളിൽ 2020നകം കാര്യമായ പുരോഗതി കൈവരിക്കാനുള്ള അവസരം നമുക്കുണ്ട്. ഫിൻലാൻഡിന്റെ തലത്തിലേക്ക് അപ്പോഴേക്കും ഇന്ത്യ എത്തിയിലെങ്കിലും അഴിമതി സൂചകത്തിൽ അമേരിക്കക്കടുത്ത് ഏഴിലോ മാനവവികസനസൂചികയിൽ 175ൽ 20ലോ എത്താനായാൽ നമ്മുടെ പ്രതിശീർഷ വരുമാനം കാര്യമായിത്തന്നെ മുന്നോട്ടു കുതിക്കും. കുറച്ചു കൂടി വ്യക്തമാക്കുകയാണെങ്കിൽ വാങ്ങൽശേഷിയെ ദ്യോതിപ്പിക്കുന്ന ഇപ്പോഴത്തെ പി.പി.പിയായ 3800 ഡോളറിൽ നിന്നും 25000 ഡോളറിലേക്ക്. മൊത്തം ആഭ്യന്തര ഉൽപാദനത്തിൽ ഇത് പ്രതിനിധീകരിക്കുന്ന വിടവ് 28.2 ട്രില്ല്യൺ ഡോളറാണ്. അഴിമതിക്ക് നാം നൽകുന്ന വിലയും മാനവ വിഭവശേഷിയോടുള്ള അവഗണനയും അമ്പരപ്പിക്കുന്നതും ദേശീയസംവാദത്തിന്റെ കേന്ദ്രബിന്ദുവാകേണ്ടതുമാണ്.
അഴിമതിയും മാനവവികസന സൂചികയും കൈകാര്യം ചെയ്യുന്നതിന് നാം സ്വീകരിക്കേണ്ട പാത കൂടുതൽ നിയമങ്ങളുടേതല്ല. ചില അടിസ്ഥാനകാര്യങ്ങളിൽ നമ്മൾ ശ്രദ്ധ കേന്ദ്രീകരിക്കണമെന്ന് ഞാൻ കരുതുന്നു.

എ. മാനസികമാതൃകകൾ - ഇന്ത്യയെ കുറിച്ച് ചിന്തിക്കുന്നതിന് നാം ഉപയോഗിക്കുന്ന മാനസികമാതൃകകളെ കുറിച്ചും, രാജ്യത്തിന്റെ ഭാവി, വികസനാവശ്യങ്ങൾ, പൗരാവകാശങ്ങൾ തുടങ്ങിയവയെ കുറിച്ചും കാര്യമായ പരിശോധന വേണം. ഇന്ത്യക്കാരനായിരിക്കുക എന്നത് കൊണ്ട് എന്താണ് അർത്ഥമാക്കുന്നത്. ഇന്ത്യയിലെ പൗരന് അവന്റെ പൗരത്വം കൊണ്ട് സിദ്ധിച്ചിട്ടുള്ള അവകാശങ്ങൾ എന്തൊക്കെയാണ്.
ബി. പൗരാവകാശങ്ങൾ - സംഘടിതാവകാശങ്ങൾ: ഗ്രൂപ്പുകളുടെ അവകാശങ്ങളമായി ബന്ധപ്പെട്ടിരിക്കുന്നതാണ് ഇന്ത്യയുടെ രാഷ്ട്രീയം. അവകാശങ്ങളുടെ അടിസ്ഥാന പരിസരത്തെ കുറിച്ചുള്ള ഒരു പുനഃപരിശോധന ആവശ്യമാണ്. വ്യക്തിപരമായ പൗരാവകാശത്തിലേക്ക് ശ്രദ്ധ മാറേണ്ടതില്ലേ ?
സി. വിവരാധിഷ്ഠിത പരിഹാരങ്ങൾ - പ്രത്യയശാസ്ത്രാധിഷ്ഠിത പരിഹാരങ്ങൾ: ഇതുവരെ നമ്മൾ പരിശോധിച്ച ഓരോ പ്രശ്നത്തെ സംബന്ധിച്ചും വളരെയധികം നിർണായകമായ വിവരങ്ങൾ ലഭ്യമാണ്. എന്നിരുന്നാലും പലപ്പോഴും സംവാദം ആശയപരമാണ്. വിവരങ്ങൾ പലപ്പോഴും വളച്ചൊടിക്കപ്പെടുകയോ ഉപയോഗിക്കപ്പെടാതിരിക്കുകയോ ചെയ്യുന്നു. വിവരാധിഷ്ഠിതമായ യാഥാർത്ഥ്യങ്ങൾക്ക് മുക

ളിൽ പ്രത്യയശാസ്ത്രത്തെ പ്രതിഷ്ഠിച്ചതിന്റെ പ്രത്യാഘാതങ്ങൾ സംബന്ധിച്ച ഉദാഹരണങ്ങളാണ് ചരിത്രത്തിൽ നിറയെ കാണാൻ കഴിയുക. സ്റ്റാലിന്റെയും മാവോയുടെയും ഭരണകാലത്ത് ജീവൻ വെടിയേണ്ടി വന്ന ലക്ഷങ്ങൾ ഇതിൽ ഉൾപ്പെടുന്നു. ശരിയായ തെരഞ്ഞെടുപ്പില്ലാതാകുന്നത് മൂലമുള്ള പ്രതികൂലാഘാത ങ്ങളിൽ ഒരു രാജ്യം ഞെരുക്കപ്പെടരുത്.

ഡി. തത്വങ്ങൾ - ആചാരങ്ങൾ: വിഷമകരമായ തീരുമാനങ്ങളുടെ സാഹചര്യമു ണ്ടാകുമ്പോൾ ടൈബ്രേക്കേഴ്സിന്റെ അടിസ്ഥാനതത്വങ്ങളിലേക്ക് മടങ്ങിപ്പോക ണം.

ഇ. സാമൂഹ്യനീതിയല്ല സോഷ്യലിസം: അവസരസമത്വം ഉറപ്പാക്കുന്ന സാമൂഹ്യ നിതിയും അസമത്വം ഇല്ലാതാക്കുന്ന സോഷ്യലിസവും തമ്മിൽ ആശയക്കുഴപ്പം പാടില്ല. സോഷ്യലിസം ഒരിടത്തും വിജയിക്കാത്ത ഒരു പ്രത്യയശാസ്ത്രമാണ്. സ്വത്തുൽപാദനത്തോടൊപ്പം സാമൂഹികസമത്വം കൈവരിക്കാൻ കഴിയാത്ത പ്രത്യയശാസ്ത്രം.

എഫ്. പ്രവർത്തനങ്ങളിൽ ഉത്തരവാദിത്തം: ഉത്തരവാദിത്തം ഉറപ്പാക്കുന്നതിന് നമുക്ക് മികച്ച സംവിധാനം വേണം. അണുബാധവും വയറിളക്കവും മൂലമുള്ള പ്രതിവർഷ ശിശുമരണ നിരക്ക് 20 ലക്ഷമാണ്. അനാവശ്യവും തടയാവുന്നതു മായ ഈ മരണങ്ങൾക്ക് ആരാണ് ഉത്തരവാദി.

ജി. അഴിമതി രാജ്യദ്രോഹം: രാജ്യദ്രോഹത്തിന് തുല്യമായി അഴിമതിയെ കണ ക്കാക്കിയില്ലെങ്കിൽ മാറ്റത്തിന്റെ പ്രക്രിയ വളരെ സാവധാനമായിരിക്കും.

എച്ച്. സങ്കൽപ്പങ്ങളിലെ കേന്ദ്രീകരണം - വിഭവങ്ങളിലെ കേന്ദ്രീകരണം: വിഭവ വ്യാപ്തിയേക്കാൾ പ്രധാനം ഈ വിഭവങ്ങൾ ഉന്നതഫലങ്ങളുണ്ടാക്കുന്ന അവസര ങ്ങൾക്കായി എങ്ങനെ വിനിയോഗിക്കുന്നു എന്നതാണ് കൂടുതൽ പ്രധാനം.

ഈ പറഞ്ഞ കാര്യങ്ങൾക്ക് ഇന്ത്യയുടെ ഭരണസംസ്കാരത്തിൽ ആഴത്തിലുള്ള മാറ്റവും കാര്യമായ വിശകലനവും ആവശ്യമാണെന്ന് എനിക്കറിയാം. മറ്റ് ഇന്ത്യ യുടെ സമഗ്രമായ മാറ്റത്തിന് ഇത് നിർണായകമാണെന്ന് ഞാൻ കരുതുന്നു.

*നവീനതയുടെ മുന്നേറ്റത്തിന്റെ സാൻഡ്ബോക്സ്*

ഇന്ത്യ@75ന്റെ വികസനപശ്ചാത്തലമൊരുക്കുന്നതിനുള്ള പ്രധാകാര്യങ്ങൾ ഞാൻ മുന്നോട്ടുവച്ചിട്ടുണ്ട്. അവ കടുത്ത ദാരിദ്ര്യത്തിനു പകരം വരുമാനത്തിലെ അസമത്വം, ജീവിതശൈലികളുടെ തിരിച്ചറിയൽ, നഗരവൽക്കരണം, അഭിലാഷങ്ങളുടെ രൂപീകരണം, വില - പ്രവർത്തനക്ഷമതയിലെ മാറ്റം, സാമ്പത്തിക വികസനം, പാരിസ്ഥിതിക പ്രതിസന്ധി എന്നിവയും അവസാനമായി ഭരണനിർവഹണത്തിന്റെ പങ്കും നിയമനിർവഹണവുമാണ്. 120 കോടി ജനങ്ങളുള്ള ഇന്ത്യ ആവശ്യപ്പെടുന്നത് നാം ഇതുവരെ സങ്കൽപ്പിക്കാത്ത തോതിലുള്ള പ്രവർത്തനങ്ങളാണ്. അതുപോലെ ഞാൻ വിപണി അധിഷ്ഠിത പരിഹാരങ്ങളിലും ഞാൻ ഊന്നൽ നൽകിയിട്ടുണ്ട്. തോതിനും വിപണിക്കും അനുസൃതമായ സമീപനങ്ങളാണ് എന്റെ വിലയിരുത്തലിലുള്ളത്.

ഇന്ത്യ@75ന് പശ്ചാത്തലമൊരുക്കുന്ന ആറ് കാര്യങ്ങൾ അവഗണിക്കാനാകാത്തതാണ്. ഇവയെ ഉൾക്കൊണ്ടും വിട്ടുവീഴ്ചയില്ലാതെയുമായിരിക്കണം വികസനം. ഈ പരിമിതികൾക്കുള്ളിലാണ് മുന്നേറ്റമുണ്ടാകേണ്ടത്. ഇവയുടെ നിർണായകസ്വഭാവം മനസിലാക്കുന്നതിന് ഞാൻ ഒരു മുന്നേറ്റത്തിന്റെ സാൻഡ്ബോക്സ് അല്ലെങ്കിൽ വികസനത്തിന്റെ സാൻഡ് ബോക്സ് വികസിപ്പിച്ചെടുത്തിട്ടുണ്ട്. സാമൂഹികസമത്വത്തിന്റെ കേന്ദ്രബിന്ദു വരുമാനസമത്വത്തിന്റെ ആവശ്യം തിരിച്ചറിയുന്നു. ക്രമസമാധാനം ദ്യോദിപ്പിക്കുന്നത് ഭരണനിർവഹണവുമായി ബന്ധപ്പെട്ട് നേരത്തെ ഉയർത്തിയ പ്രശ്നങ്ങളാണ്, പാരിസ്ഥിതിക പരിമിതിയാകട്ടെ പാരിസ്ഥിതിക സജീവതയിലേക്കും പുതിയ വില - പ്രവർത്തനക്ഷമത പരിമിതി ഇക്കാര്യത്തിലുണ്ടായിരിക്കുന്ന മാറ്റത്തിലേക്കും വിരൽചൂണ്ടുന്നു. ഈ പരിമിതികൾക്കകത്ത് നിന്ന് പ്രവർത്തിക്കാനും മുന്നേറാനാനും കഴിയുമെന്ന് നമുക്കറിയാം. ഉദാഹരമത്തിന് വില - പ്രവർത്തനക്ഷമത സമ്പ്രദായത്തിൽ വിള്ളലുണ്ടായിക്കഴിഞ്ഞു. നാം വേഗത്തിൽ വളരുകയാണ്. വിപണിയധിഷ്ഠിത സംവിധാനങ്ങൾ വേഗം കൈവരിച്ചു കഴിഞ്ഞു. പാരിസ്ഥിതികാവശ്യങ്ങളെ കുറിച്ചും നമ്മൾ ബോധവാൻമാരാണ്. സി.എൻ.ജി വാഹനാവശ്യത്തിന് ഉപയോഗിക്കുന്നതിനെ കുറിച്ചും, മഴവെള്ള സംഭരണത്തെ കുറിച്ചുമെല്ലാം. നിയമം നടപ്പാക്കുന്നതിൽ നമുക്ക് ചെറിയ പുരോഗതിയെ കൈവരിക്കാനായിട്ടുള്ളൂ - ഭരണനിർവഹണം മെച്ചപ്പെടുത്തുന്നതിൽ അല്ലെങ്കിൽ വിപണിയധിഷ്ഠിത സംവിധാനങ്ങളിലൂടെ സാമൂഹിക പങ്കാളിത്തം ഉണ്ടാക്കുന്നതിൽ. താഴെ കൊടുത്തിരിക്കുന്ന സാൻഡ്ബോക്സ് ഇവയെല്ലാം ഒരു

മിച്ച് ചിത്രീകരിക്കുകയും ഇതിനകത്ത് മുന്നേറ്റങ്ങളും നയതീരുമാനങ്ങളും മുൻഗ ണനാക്രമങ്ങളും നിർദേശിക്കുകയും ചെയ്യുന്നു.




ഈ പരിമിതികൾ ലംഘിക്കരുതെന്നാണ് ഞാൻ പറയുന്നത്. ഇതിനകത്തു നിന്നു തന്നെ പ്രവർത്തിക്കുക. ഇതിനകത്ത് മുന്നേറുന്നിടത്തോളം നമ്മൾ നന്നായി കാര്യ ങ്ങൾ നിറവേറ്റും. ഇതു തന്നെയായിരിക്കും രാഷ്ട്രീയക്കാർക്കും ഉദ്യോഗ സ്ഥർക്കും ബിസിനസുകാർക്കും എൻ.ജി.ഒകൾക്കും സാധാരണ പൗരൻമാർക്കു മുള്ള സാൻഡ്ബോക്സ്. മുന്നേറ്റങ്ങളിലേക്കുള്ള സമീപനം വ്യത്യസ്ത മാണെങ്കിലും ഇവയുടെ അതിർത്തികൾ ഒന്നായിരിക്കും.

പരിമിതികൾ അംഗീകരിച്ചും സാൻഡ്ബോക്സിനുള്ളിൽ നിറവേറ്റിയും ഈ പ്രഭാ ഷണത്തിന്റെ തുടക്കത്തിൽ ഞാൻ അവതരിപ്പിച്ച ഇന്ത്യ@75ന്റെ സാധ്യതകൾ

അച്ചടക്കപൂർണമായി നമുക്ക് നിറവേറ്റാൻ കഴിയും. ഇന്ത്യയുടെ ഭാവിയെ കുറിച്ച് ഞാൻ എല്ലായ്പ്പോഴും ശുഭാപ്തി വിശ്വാസിയാണ്. 1989ലെ സി.ഐ.ഐ സമ്മേള നത്തിൽ ഞാൻ നടത്തിയ അവതരണത്തിലേക്ക് തിരികെ പോയി ഇത് പൂർത്തി യാക്കാം. 1989ൽ ഇന്ത്യയെ കുറിച്ചുള്ള എന്റെ കാഴ്ചപ്പാട്, ഞാൻ കണ്ട ഇന്ത്യ യുടെ ഭാവി ചുവടെ കൊടുക്കുന്നു.




ലോകത്തിന്റെ അന്നത്തെ വ്യവസായിക ഭൂപ്രകൃതി വിലയിരുത്തുമ്പോൾ ആഗോള സ്ഥാപനങ്ങളും പ്രാദേശികസ്ഥാപനങ്ങളുമുണ്ടായിരുന്നു. ചില രാജ്യങ്ങൾ ആഗോളവ്യാപ്തിയുള്ള ആഭ്യന്തരവിപണിയെ പ്രതിനിധീകരിച്ചു. മറ്റുള്ളവ ചെറിയ ആഭ്യന്തര വിപണികളേയും. ചെറിയ ആഭ്യന്തര വിപണികളുള്ള ഫിൻലൻഡ്, നെതർലാൻഡ്, സ്വിറ്റ്സർലണ്ട് തുടങ്ങിയ രാജ്യങ്ങളിൽ നിന്നും അമേരിക്ക, ജപ്പാൻ, ജർമനി തുടങ്ങിയ രാജ്യങ്ങളിലേതു പോലെ ആഗോളസ്ഥാപ നങ്ങൾ ഉയർന്നുവന്നു. അതേസമയം ആഗോളസ്ഥാപനങ്ങളുടെ ആസ്ഥാനവും അതേസമയം ആഗോളവ്യാപ്തിയുള്ള ആഭ്യന്തരവിപണിയെ പ്രതിനിധീകരിക്കു

കയും ചെയ്യുന്നു എന്ന് അവകാശപ്പെടാൻ കഴിയുന്ന വളരെ കുറച്ച് രാഷ്ട്രങ്ങളേ യുണ്ടായിരുന്നുള്ളൂ. ഇന്ത്യയെ സംബന്ധിച്ചിടത്തോളം അന്ന് ഒരു ആഗോളസ്ഥാ പനം പോലും ഉണ്ടായിരുന്നില്ല. മാത്രമല്ല വളരെ ചെറിയ ആഭ്യന്തര വിപണിയും. രണ്ടായിരത്തോടെ ഇന്ത്യയും ചൈനയും അമേരിക്ക, ജർമനി, ജപ്പാൻ തുടങ്ങിയ രാജ്യങ്ങളുടെ സംഘത്തിലുണ്ടാകുമെന്നായിരുന്നു എന്റെ പ്രവചനം. നമ്മൾ ഇതുവരെ അവിടെ എത്തിയിട്ടില്ല എന്നത് ശരിയാണ്, എന്നാൽ നമ്മൾ ആ പാത യിലാണ്. ജി 7, ജി എട്ട് കൂട്ടായ്മകൾക്ക് ഇന്ത്യയെ ഭാവിയിൽ ഔപചാരികമായി തന്നെ ഉൾപ്പെടുത്തേണ്ടി വരും. അന്ന് ഇത് പറയുമ്പോൾ വിശ്വസിക്കാൻ അധികം പേരുണ്ടായിരുന്നില്ല. ഇപ്പോൾ അത് യാഥാർത്ഥ്യമാകുകയാണ്. ലോക സാമ്പ ത്തിക ക്രമത്തിൽ ഇന്ത്യ തനതായ സ്ഥാനം നേടിക്കഴിഞ്ഞതായി ഇവിടെയുള്ള എല്ലാവരും വിശ്വസിക്കുന്നു.

ഇന്ത്യയിലെ പാവപ്പെട്ടവർ ഈ യാത്രക്ക് തയാറെടുത്തു കഴിഞ്ഞതായി ഞാൻ കരുതുന്നു. ഇന്ത്യയിലെ ഉന്നതശ്രേണിയിലുള്ളവർക്കും വിവിധ ശ്രേണികളിലുള്ള രാഷ്ട്രീയക്കാർക്കുമാണ് പ്രശ്നം. ഇന്ത്യയെ മനസിലാക്കണമെങ്കിൽ നമുക്ക് ഈ രാജ്യത്തിന്റെ ഭൂതകാലം ആഴത്തിൽ പഠിക്കേണ്ടതുണ്ട്. സമീപകാല ചരിത്രം ഇന്ത്യയുടെ വൈഭവത്തെ കുറിച്ച് അധികം സൂചനകൾ നൽകുന്നില്ല. ഇന്ത്യയിലെ ഒരു പക്ഷെ ലോകത്തിലെ ആദ്യത്തെ നിരീശ്വരവാദി തിരുവള്ളുവരാണ്. അദ്ദേഹം പറഞ്ഞു 'ദൈവം നിങ്ങൾക്ക് എതിരായിക്കൊള്ളട്ടെ, കഠിനാധ്വാനം നിങ്ങളെ ലക്ഷ്യത്തിലെത്തിക്കും.' രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് അദ്ദേഹം നമ്മളെ ഉദ്ബോധിപ്പിച്ചു. 'ആരെയും പഴിക്കേണ്ട, നിങ്ങളെയല്ലാതെ'. സ്വന്തം ഭാവിയെ കുറിച്ചുള്ള ഉത്തരവാദിത്തം ഇന്ത്യക്കാർ സ്വയം ഏറ്റെടുക്കുന്നതിനേക്കാൾ ശക്തിമ ത്തായി മറ്റൊന്നുമില്ലെന്ന് ഞാൻ വിശ്വസിക്കുന്നു. ഇന്ത്യ@75 ആഗോളനേതാവായി മാറുന്നതിൽ വിജയിക്കുന്നില്ലെങ്കിൽ അതിന് ഉത്തരവാദികൾ ഇന്ത്യക്കാർ തന്നെ യായിരിക്കും. പുറമെ നിന്നും ആരും നമ്മളെ വിജയത്തിലെത്തുന്നതിൽ നിന്ന് തടുക്കുന്നില്ല. ഈ മാറ്റം വിഭവങ്ങളുമായി ബന്ധപ്പെട്ടതല്ല. പുതിയൊരു ഇന്ത്യ രൂപപ്പെടുത്തുന്നതിൽ നമ്മുടെ ആത്മവിശ്വാസവുമായി ബന്ധപ്പെട്ടതാണ്. ഇത്തര മൊരു ഇന്ത്യയെ കുറിച്ച് ചിന്തിക്കാനായില്ലെങ്കിൽ നമുക്കിത് സൃഷ്ടിക്കാനും കഴി യില്ല. സങ്കൽപ്പവും ഇന്ത്യയുടെ യഥാർത്ഥ നിയതിയെ കുറിച്ചുള്ള വിശ്വാസവു

മാണ് നമുക്ക് വേണ്ടത്. ആവേശത്തോടെയുള്ള വികാരവും ധൈര്യവും പിന്നെ, വലിയ അളവിൽ മനുഷ്യത്വവും വിനയവും.

നന്ദി.